



## നിസാർ ആരെയാണ് ഭ്രമിപ്പിക്കുന്നത് ?

പ്രഭാഷണം എങ്ങനെയാണ് എന്നതിനുദാഹരണമാണ് 2008 സെപ്റ്റംബർ ലക്കം കേരളീയത്തിലെ ഡോ. നിസാർ അഹമ്മദിന്റെ 'അറിവും സാമൂഹികപ്രവർത്തനവും' എന്നത്. പശു ഒരു നല്ല മൃഗമാണ്. പശുവിനെ തെങ്ങിൽ കെട്ടുന്നു, തെങ്ങിൽ തേങ്ങലുണ്ടാവുന്നു എന്ന രീതിയിൽ പറഞ്ഞു പറഞ്ഞ് താൻ പറഞ്ഞതിനെ താൻ തന്നെ ഖണ്ഡിക്കുന്നു ഈ പ്രഭാഷണത്തിൽ. സാമൂഹിക പ്രവർത്തനം രണ്ടു തരമുണ്ട് - രാഷ്ട്രീയ പ്രവർത്തനവും പൗരസമൂഹത്തിലുള്ള നമ്മുടെ ഇടപെടലുകളും ആണ് അവ. ആദ്യത്തേത് അധികാരം ലക്ഷ്യമാക്കിയിട്ടുള്ളതും രണ്ടാമത്തേത് അധികാരം ലഭ്യാമാകാതെയുള്ളതുമാണ് എന്നാണ് നിസാർ പ്രസ്താവിയ്ക്കുന്നത്. പക്ഷേ അദ്ദേഹം പ്രഭാഷണത്തിനൊടുവിൽ പറയുന്നത് ഒരു കുടുംബത്തനകത്തുപോലും സ്റ്റേറ്റ് ഇന്ന് എന്നാണ്. ഇപ്രകാരം പരസ്പരവിരുദ്ധണായ പ്രസ്താവനകളുടെ സംഘാതമാണ് ഈ പ്രഭാഷണം.

കുടുംബത്തിനകത്തുപോലും സ്റ്റേറ്റ് ഇന്ന്. അതെ, അതാണ് പരമസത്യം. സ്റ്റേറ്റേ സർവ വ്യാപ്തിയാണ്. എന്നിലുണ്ട്. നിസാറിലുണ്ട്, ആദിത്യനിലുണ്ട്. അന്നുകൃമിയിലുണ്ട്. സംഘടിച്ചു, ശക്തരാവു എന്ന് ആഹ്വാനം ചെയ്യുന്നവർ "സ്റ്റേറ്റ് രൂപവൽക്കരിക്കുകയാണ് Residential association തൊഴിലാളി സംഘടനകൾ കുടുംബശ്രീ യൂണിറ്റുകൾ, മതസംഘടനകൾ, കോളോണിയൽ ശക്തികൾ, കോർപ്പറേറ്റുകൾ എല്ലാമെല്ലാം അതു തന്നെ ചെയ്യുന്നു. സാമൂഹികപ്രവർത്തനത്തെ സംബന്ധിച്ച നിസാറിന്റെ വാദം തകർന്നുകഴിഞ്ഞിരിക്കുന്നു. അടുത്തത് അറിവിനെ സംബന്ധിച്ചുള്ള വാദമാണ്.

സ്റ്റേറ്റിന് അറിവ് അത്യാവശ്യമല്ല. ഏതിന് അസംബന്ധങ്ങൾ ചെയ്യാം. ആരെങ്കിലും ചൂണ്ടിക്കാട്ടിയാൽ അത് മനമില്ലാ മനസ്സോടെ തിരുത്താം. കഴിയുന്നത്ര വൈകി തിരുത്താം. അബദ്ധം ചൂണ്ടിക്കാട്ടണമെങ്കിൽ അറിവുണ്ടായിരിക്കണം. അറിവുമാത്രം പോരാ; അബദ്ധം ചൂണ്ടിക്കാട്ടാൻ അധികാരം കൂടിവേണം. അറിവിനെ സംബന്ധിച്ചുള്ള ഈ വസ്തുതകൾ സാമാന്യയുക്തിയ്ക്ക് നിരക്കുന്നുതാണ്. ഇത് നിസാർ അഹമ്മദ് പറഞ്ഞിട്ടില്ല. പറഞ്ഞിട്ടുള്ളതോ? "അറിവ് രണ്ടുതരത്തിലുണ്ട്. ഒന്ന് പ്രശ്നത്തിന്റെ വിശദാംശങ്ങൾ അറിയും. പിന്നെ ഏതു വ്യവസ്ഥയ്ക്കുള്ളിലാണ് നടക്കുന്നത് എന്നറിയുക വ്യവസ്ഥയെക്കുറിച്ചുള്ള അറിവില്ലാത്തതുകൊണ്ടാണ് പലപ്പോഴും പല പ്രശ്നങ്ങളും പരിഹരിയ്ക്കപ്പെടാത്തത് അത് സാമ്പ്രദായികമായ അറിവാണ്. സൈദ്ധാന്തികമാണ്....."

സൈദ്ധാന്തികത ഒരിക്കലും സാമ്പ്രദായികമാകാറില്ല. പ്രായോഗികമായ അറിവുകളെ സാമ്പ്രദായികമാകാറുള്ളു. അറിവിനെസംബന്ധിച്ച നിസാർ അഹമ്മദിന്റെ വാദം പൊളിയുന്നത് ഇതുകൊണ്ടുമാത്രമല്ല. പ്രശ്നത്തിന്റെ വിശദാംശങ്ങൾ അറിയുക എന്നതിൽ വ്യവസ്ഥാപഠനം കൂടി സ്വാഭവികമായ ഉൾപ്പെടുന്നുണ്ട് എന്നതുകൊണ്ടു കൂടിയാണ്. ചുരുക്കത്തിൽ അറിവ് എന്നാൽ അറിവ് എന്നു തന്നെയാണർത്ഥം. അറിവുകെട്ട സ്റ്റേറ്റും അറിവുള്ള കോർപ്പറേറ്റും സംഘശക്തിയുള്ള പൗരസമൂഹവും തമ്മിൽ ബലപരീക്ഷണം നടത്തുമ്പോൾ എന്തുണ്ടാവും? പ്ലാച്ചിമടയുണ്ടാവും. ഇക്കാര്യം ഋജുവും ലളിതവുമായ ചിന്തയിലൂടെ രൂപപ്പെടുത്താനുള്ളത്രയുള്ളു നിസാർ അഹമ്മദിന്റെ വികലവും വക്രവുമായ ചിന്ത അതിനുതകില്ല. ആരെയാണ് നിസാർ അഹമ്മദ് ഭ്രമിപ്പിക്കുന്നത് തന്റെ വാഗ്ധോരണിയിലൂടെ?

**കെ. ആർ. ഇന്ദിര**
ആകാശവാണി, തൃശൂർ

## കേരളീയം മനോഹരം, പക്ഷെ

പുതിയ ലക്കം കേരളീയം മനോഹരം കെട്ടിലും മട്ടിലും. പക്ഷെ, പുറം പേജിൽ റോബിൻ പി.എൻ.സി മേനോനും മലയാളമനോരമക്കുമെതിരെ, അച്ചുതാനന്ദനെ ഓർമിപ്പിക്കും വിധം കഷ്ടം!

മേനോനെക്കുറിച്ച് ഇക്കിളിപ്പെടുത്തുന്ന വാർത്ത മനോരമ പ്രസിദ്ധീകരിച്ചത്രേ! പകരം കേരളീയം പുലഭ്യം പറയുന്നു. രണ്ടും മോശം. തമ്മിൽ ഭേദം ഇക്കിളി. ഇവിടെ എല്ലാ സംവിധാനങ്ങളുമുണ്ട്. നിയമമുണ്ട്. പുതിയ നിയമങ്ങളുണ്ടാക്കാൻ സാമാജികരെ നാം തിരഞ്ഞെടുത്തയച്ചിട്ടുണ്ട്. നടപ്പാക്കാൻ ഉദ്യോഗസ്ഥരുണ്ട്. വ്യാഖ്യാനിക്കാൻ കോടതിയുണ്ട്. തുറന്ന് കാട്ടാൻ പത്രങ്ങളുണ്ട്. ഇതെല്ലാം പരാജയപ്പെട്ടെങ്കിൽ ഒരു വ്യക്തിയെ മാത്രം കുറ്റമാരോപിച്ച് രക്ഷപ്പെടാൻ കേരളീയത്തിനാവുമോ?

മനോരമ കാര്യസാധ്യത്തിന് വേണ്ടി ഫീച്ചർ എഴുതിയതിന് മേനോന്റെ തന്തക്കും തറവാട്ടിനും പറയുന്നതെന്തിന്? ആരുടെ അതിരാണ് മേനോൻ മാന്തിയത്? നാട്ടുകാർക്കവകാശപ്പെട്ട വെള്ളം മേനോൻ തടയുകയോ കൊള്ളയടിക്കുകയോ ചെയ്യുന്നുണ്ടോ? കോൺഗ്രീറ്റ് വീട് പണിയുന്നത് നിയമവിരുദ്ധമാണോ? വീടിന് 2-3 കോടി വാങ്ങുന്നത് തെറ്റാണോ?

പി.എൻ.സി മേനോൻ എന്തെങ്കിലും തെറ്റ് ചെയ്തതായി ലേഖനത്തിൽ പറയുന്നില്ല. എന്തെങ്കിലും ഉണ്ടെങ്കിൽ പുറത്തുകൊണ്ട് വരണം. അല്ലെങ്കിൽ വെറുതെ ഒരാളെ ആക്രമിച്ചതിന് മാപ്പ് പറയണം.

**കെ.എ അബ്ദുൾ സമദ്**
കാര്യാട്, പൂങ്കുന്നം, തൃശൂർ


### സന്നദ്ധ പ്രവർത്തകരെ ആവശ്യമുണ്ട്

സാമൂഹ്യരംഗത്തെ അറിയാനും പഠിക്കാനും താല്പര്യമുള്ളവർക്ക് അപൂർവ്വാവസരം. പരിസ്ഥിതി, കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, മനുഷ്യാവകാശം, ആദിവാസി, ദളിത്, സ്ത്രീ നീതി തുടങ്ങിയ മേഖലകളെക്കുറിച്ച് ആഴത്തിലുള്ള അറിവും സാമൂഹ്യപ്രവർത്തനം, കമ്പ്യൂട്ടർ പരിചയം, പത്രപ്രവർത്തനം, യാത്രകൾ, സിനിമ എന്നീ രംഗങ്ങളിൽ നേരിട്ടുള്ള പരിശീലനവും ലഭിക്കും. ആറു മാസമെങ്കിലും തുടരാൻ ആഗ്രഹിക്കുന്നവർ മാത്രം എന്തുകൊണ്ട് സന്നദ്ധ പ്രവർത്തനം നടത്താൻ താല്പര്യപ്പെടുന്നു എന്നതിനെക്കുറിച്ച് രണ്ട് പേജിൽ കുറയാതെ എഴുതി അയയ്ക്കുക.

**കേരളീയം, കൊക്കാലെ, തൃശൂർ-21. ✆ 9446576943**



## വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

# തവള വിവാദം
# പ്രസ്സ് ജീവനക്കാരന്റെ അനാസ്ഥ

പ്രിയ അനുജത്തി വാണിയുടെ കുറിപ്പിനൊപ്പം കൂട്ടിച്ചേർക്കപ്പെടേണ്ട കുറച്ചുകാര്യങ്ങളുണ്ട്. തവളവിവാദം കാരണം കാസർഗോഡ് ജില്ലയിലെ കുറേ കുട്ടികൾക്കിനിയും മണ്ണെഴുത്തുഡയറി ലഭിച്ചിട്ടില്ല. ജോലിയോടുള്ള ആത്മാർഥതയില്ലാത്ത ഏതോ ജീവനക്കാരൻ ഒരു ഫോട്ടോ മാറ്റി അച്ചടിച്ചു എന്ന കാരണത്താൽ, കുട്ടികൾക്ക് വിലപ്പെട്ട അറിവുകൾ പകർന്നുനൽകുന്ന ഒരു പുസ്തകം അനാവശ്യവിവാദങ്ങൾ ഉണ്ടാക്കി തടഞ്ഞുവെയ്ക്കുമ്പോൾ, നടന്നത് ഗാന്ധിദ്രോഹം തന്നെയാണ്. ഹിംസ തന്നെയാണ്. അത്രമേൽ മണ്ണിനെ സ്നേഹിച്ച ഒരു മഹാത്മാവാണല്ലോ ഗാന്ധിജി. ചോദ്യം ചെയ്യേണ്ടിയിരുന്നത് പ്രസ്സ് ജീവനക്കാരന്റെ അനാസ്ഥയെ മാത്രമായിരുന്നു. ഗാന്ധിജി എന്നത് വാക്കുകൾകൊണ്ടോ ചിത്രങ്ങൾകൊണ്ടോ പൂജിക്കേണ്ട ഒരു ബിംബമല്ല. 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്ന് അദ്ദേഹം പറയുമ്പോൾ, അദ്ദേഹം സ്വജീവിതത്തിൽ പകർത്തുകയും നമ്മെ ഉപദേശിക്കുകയും ചെയ്യുന്ന സ്നേഹത്തിലും നന്മയിലും അധിഷ്ഠിതമായ സുസ്ഥിരവികസനത്തിന്റെ സ്വാശ്രയ വഴികൾ പരമാവധി സ്വജീവിതത്തിൽ സ്വീകരിക്കുകയെന്നതുമാത്രമാണ് അദ്ദേഹത്തെ ആദിക്കുവാനുള്ള വഴി.

തവളയും പട്ടിയും ഉത്കൃഷ്ഠജീവികൾ തന്നെ. സംരക്ഷിക്കുകയും സ്നേഹിക്കുകയും വേണം. ജൈവശൃംഖലയിൽ അവയ്ക്കുള്ള സ്ഥാനം പോലും മനുഷ്യനില്ല. കാരണം തവളകൾ ഇല്ലാത്തലോകത്തിൽ മനുഷ്യന് നിലനിൽപ്പില്ല. എന്നാൽ മനുഷ്യനില്ലെങ്കിലും തവള നിലനിൽക്കും. പട്ടി കയറുമ്പോൾ എവിടെയും അശുദ്ധമാക്കപ്പെടുന്നില്ലെങ്കിലും ; നാം പാവനമെന്നു കരുതുന്ന ഒരു സ്ഥലത്ത് അമേരിക്കൻ ധാർഷ്ട്യത്തിന്റെ, അഹന്തയുടെ അവിശുദ്ധ പട്ടി കടന്നുകയറുമ്പോൾ നമുക്കത് അപമാനം തന്നെയല്ലേ?. നാമതു ചോദ്യം ചെയ്യുകതന്നെ വേണം.

**ആശ ഹരി**

മാമ്പ്ര പി.ഒ., കണ്ണൂർ - 670 811.

### അതിരപ്പിള്ളിയിലേക്ക് വരണം

ഞാൻ 6-ാം ക്ലാസിലാണ് പഠിക്കുന്നത്. എന്റെ വീട് കണ്ണൻകുഴിയിലാണ്. ഞാൻ വെറ്റിലപ്പാറ സ്കൂളിലാണ് പഠിക്കുന്നത്. അതിരപ്പിള്ളി വനസംരക്ഷണസമിതിയിലെ എന്റെ വീട്ടുകാരും ഞാനും അതിരപ്പിള്ളി വെള്ളച്ചാട്ടത്തിൽ ഡാം വരരുത് എന്ന് എന്റെ കുട്ടിക്കൂട്ടം സമരം ചെയ്യുന്നുണ്ട്. നിങ്ങൾ അതിരപ്പിള്ളിയിൽ വന്നിട്ടുണ്ടോ? ഇല്ലെങ്കിൽ തീർച്ചയായും അതിരപ്പിള്ളിയിൽ വരണം.

സ്നേഹത്തോടെ
**സ്നേഹ**

**സസ്യാഹാരികളുടെ മുൻകൈയിൽ**
**നാരായണഗുരുവിന്റെ കൃതിയായ**
**ജീവകാരുണ്യപഞ്ചകം ചർച്ച**
**ഡിസംബർ 14, ഞായർ**
**കൂർക്കഞ്ചേരി ശ്രീനാരായണ ഹാളിൽ**
**സ്വാമി ശിവസ്വരൂപാനന്ദ, ഡേവിസ്**
**വളർക്കാവ് എന്നിവർ**
**പങ്കെടുക്കുന്നു.**
**ബന്ധങ്ങൾക്ക് : 98 95 14 89 98**

നെടുമ്പാശ്ശേരി വിമാനത്താവളത്തിനുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവരോട് നീതികാണിക്കാൻ ഭരണകൂടത്തിന് ഇനിയും കഴിഞ്ഞിട്ടില്ല. വേദനയോടെ ഒരോണംകൂടി അവരെ കടന്നുപോകുന്നു.

# നെടുവീർപ്പിന്റെ തിരുവോണം

**പോൾ നെടുമ്പാശ്ശേരി**

നെടുമ്പാശ്ശേരി എയർപ്പോർട്ടിനു വേണ്ടി സ്ഥലം ഏറ്റെടുത്തപ്പോൾ വീടുവിട്ടു ഇറങ്ങേണ്ടിവന്ന ജനങ്ങൾ ഇപ്പോൾ കേരളത്തിന്റെ പല സ്ഥലങ്ങളിൽ താമസിച്ചു വരികയാണ്. എയർപ്പോർട്ട് വരുന്നതിനു മുമ്പ് ഓണാഘോഷ നാളുകളിൽ കായിക മത്സരങ്ങൾ ഉൾപ്പെടെയുള്ള പരിപാടികൾ നടത്തി സന്തോഷമായി എല്ലാവരും പരസ്പരം സഹകരിച്ച് ജീവിച്ചകാലം പലർക്കും ഒരു ഓർമ്മയായി മാത്രം അവശേഷിക്കുന്നു.

എന്തെല്ലാം മോഹന വാഗ്ദാനങ്ങൾ നൽകിയാണ് കുടിയൊഴിപ്പിച്ചത് എന്നുചോദിച്ചാൽകൂടി കുടിയിറങ്ങേണ്ടിവന്ന ജനങ്ങൾ ദീർഘശ്വാസം വിട്ടിട്ട് അതൊരു പഴയകഥ അല്ലെങ്കിൽ രാഷ്ട്രീയക്കാർ പറ്റിച്ചു എന്നു പറയും.

കുടിയിറങ്ങേണ്ടിവന്ന കുറേ പേർക്ക് ആറുസെന്റ് ഭൂമി കൊടുത്തിട്ടില്ല. നിസ്സാരവിലയ്ക്ക് ഭൂമി തട്ടിപ്പറിച്ച് വാങ്ങിയിട്ട് പോലും ആറുസെന്റ് കൊടുക്കാത്തത് ക്രൂരമായ വിനോദമായിപ്പോയി. (എല്ലാവർക്കും പൈലറ്റ് ജോലി പറയുകയുണ്ടായി.) സാദ്ധ്യമല്ല എന്ന് എല്ലാവർക്കുമറിയാം. പക്ഷേ, എല്ലാവർക്കും അറിയാവുന്ന അർഹതപ്പെട്ട തൂപ്പുജോലി എയർപ്പോർട്ട് ലേലംചെയ്തുകൊടുത്തു. നെടുമ്പാശ്ശേരിയിലെ കുടിയിറക്കപ്പെട്ട ജനങ്ങൾക്കുമുണ്ട് നെടുവീർപ്പിന്റെ തിരുവോണം.